# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 663 — 03.11.2016-ൽ മറുപടിക്ക്

## ആദിവാസി വനാവകാശനിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. ജോർജ് എം. തോമസ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി വനാവകാശനിയമം നടപ്പിലാക്കാനായി മുൻ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; മുൻ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ ഉണ്ടായ പുരോഗതി അറിയിക്കുമോ; | എ) | വനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. 511 വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി.) രൂപീകരിച്ചിരുന്നു. സബ്ഡിവിഷണൽ ലവൽ കമ്മിറ്റി / ഡിവിഷണൽ ലവൽ കമ്മിറ്റി (SDLC / DLC) എന്നിവ സംഘടിപ്പിച്ചിരുന്നു. വനാവകാശ നിയമ പ്രകാരം വ്യക്തിഗത അവകാശം, സാമൂഹിക അവകാശം, വികസന അവകാശം എന്നിവ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 36,123 വ്യക്തിഗത അപേക്ഷകൾ സമർപ്പിക്കപ്പെട്ടതിൽ 31.05.2011 വരെ 22,446 അപേക്ഷകൾ പാസ്സാക്കി നൽകുകയും 20,502 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ 16,723 പേർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 31.05.2011 വരെ ജില്ലാതല സമിതി പാസ്സാക്കിയ 5,717 അപേക്ഷകളിന്മേൽ കൈവശാവകാശം നൽകാൻ ശേഷിക്കുന്നുണ്ടായിരുന്നു. സാമൂഹികാവകാശത്തിനും, വികസനാവകാശത്തിനുമായി 1,369 അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു.<br><br>മുൻ എൽ.ഡി.എഫ്. സർക്കാർ കാലത്ത് പാസാക്കിയതും എന്നാൽ വിതരണം ചെയ്യാൻ ബാക്കിയായതുമായ 5717 അപേക്ഷകളും, മുൻ യു.ഡി.എഫ് കാലത്ത് പാസാക്കിയ 3378 അപേക്ഷകളും ചേർത്ത് ആകെ 9095 അപേക്ഷകൾക്ക് 12571 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>മുൻ സർക്കാർ കാലത്ത് (01.06.2011 മുതൽ 31.05.2016 വരെ) 68 വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി.) കൂടി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഇപ്പോൾ 579 എഫ്.ആർ.സി.കൾ നിലവിലുണ്ട്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതുതായി 943 വ്യക്തിഗത അവകാശങ്ങൾക്കുള്ള അപേക്ഷകൾ ലഭിച്ചു. ഇതിൽ 70 അപേക്ഷകളാണ് പാസാക്കിയത്. വികസന അവകാശത്തിന് 151 |

| | | | |
|---|---|---|---|
| | | | അപേക്ഷകളിലായി 217 ഏക്കറും സാമൂഹിക അവകാശങ്ങൾക്കായി 327 അപേക്ഷകളും പാസ്സാക്കി നൽകിയിട്ടുണ്ട്. |
| ബി) | ഈ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി ലഭിക്കുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഭൂമിയിൽ ഉടമസ്ഥാവകാശവും ക്രയവിക്രയത്തിനുൾപ്പെടെയുള്ള സ്വാതന്ത്ര്യവും ഉറപ്പാക്കാനായി എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | ബി) | വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ ലഭിച്ച ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള അനുവാദം ഉണ്ട്. ഇപ്രകാരം ലഭിക്കുന്ന അവകാശിയ്ക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം ഉള്ളതും, അത് പാരമ്പര്യമായി അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യാവുന്നതുമാണ്. എന്നാൽ ഇപ്രകാരം കൈവശാവകാശ രേഖ ലഭിച്ച ഭൂമി മറ്റൊരാൾക്ക് വിൽക്കുന്നതിനുള്ള അവകാശമില്ല. കേന്ദ്ര വനാവകാശ ചട്ടങ്ങൾ പ്രകാരമുള്ള ടൈറ്റിൽ രേഖയാണ് നൽകുന്നത്. ഈ രേഖയിൽ ക്രയവിക്രയ അവകാശം അനുവദിച്ചിട്ടില്ല. കേന്ദ്ര ചട്ടങ്ങളിലെ ഭേദഗതിയിലൂടെ മാത്രമേ ഈ അവകാശം സാധ്യമാകൂ. |
| സി) | ഭൂമിയുടെ അവകാശരേഖയില്ലാത്തതിനാൽ ആദിവാസികൾക്ക് കാർഷികാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാനായി നടപടിയെടുക്കുമോ? | സി) | ഭൂമിയുടെ അവകാശരേഖയില്ലാത്തതിനാൽ കാർഷികാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ജപ്തി നടപടികൾക്ക് സാദ്ധ്യമല്ലാത്തതിനാൽ ടി ഭൂമി ഈട് വച്ച് ബാങ്കുകൾ കാർഷികാവശ്യത്തിന് ലോൺ നൽകുന്നതിന് തയ്യാറല്ലെന്നുള്ളതാണ് വസ്തുത. |

സെക്ഷൻ ഓഫീസർ

# വനാവകാശ നിയമം

| | ആകെ അപേക്ഷ കൾ | എഫ് ആർസി | പാസാ ക്കിയത് | വിതരണം ചെയ്തത് | വിസ്തീർണം |
|---|---|---|---|---|---|
| മുൻ എൽഡിഎഫ് സർക്കാർ 2011 വരെ | 36,123 | 511 | 22,440 | 16,723 പേർക്ക് | 20,502 ഏക്കർ |
| മുൻ യുഡിഎഫ് സർക്കാർ 2014 വരെ | 943 | 68 | 3378 | 9095 പേർക്ക് | 12,571 ഏക്കർ |
| ആകെ | 36,123 | 579 | 25818 | 25818 | 33073 |

- മുൻ യുഡിഎഫ് സർക്കാർ കാലത്ത് ആകെ ലഭിച്ച 943 അപേക്ഷകളിൽ 70 എണ്ണം മാത്രമാണ് വിതരണം ചെയ്തത്
- മുൻ യുഡിഎഫ് കാലത്ത് വിതരണം ചെയ്ത 9095 അപേക്ഷകളിൽ 5717 ണ്ണം മുൻ എൽഡിഎഫ് കാലത്ത് പാസാക്കിയതും 3378 എണ്ണം മുൻ യുഡിഎഫ് കാലത്ത് പാസാക്കിയതുമാണ്.